ഉത്തരം

(എ) പദ്ധതിയുടെ പണി പൂർത്തിയായി കഴിഞ്ഞു.

(ബി) ഭാഗികമായി കമ്മീഷൻ ചെയ്തു കഴിഞ്ഞു.

കാർത്തികപുരം ശുദ്ധജലവിതരണ പദ്ധതി

429 [466] ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ). കണ്ണൂർ ജില്ലയിൽപ്പെട്ട കാർത്തികപുരം ശുദ്ധജലവിതരണ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ പണി പൂർത്തിയാക്കി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയും?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട അരംഗം, കാർത്തികപുരം, മണക്കടവ് ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തനം ഏകദേശം 75% പൂർത്തിയായിരിക്കയാണ്. കിണർ, ജി.എൽ. ടാങ്ക്, ഡിസ്ട്രിബ്യൂഷൻ ലൈൻ, പമ്പിംഗ് മെയിൻ എന്നിവ പൂർത്തിയായി, സ്ലോ സാൻഡ് ഫിൽറ്റർ, വിയർ എന്നിവയുടെ പണികൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി) 1986 ഡിസംബർ അവസാനത്തോടുകൂടി പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് കരുതുന്നു.

കണ്ണൂരിലെ പഞ്ചായത്തുകളിൽ ശുദ്ധജല വിതരണ പദ്ധതി

430 [467] ശ്രീ. പി. ഭാസ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിലും പരിസര പഞ്ചായത്തുകളിലും ശുദ്ധജല വിതരണത്തിലുണ്ടാവുന്ന അപാകതകളും ക്രമക്കേടുകളും പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചു;

(ബി) തുടർച്ചയായി ഉണ്ടാവുന്ന ഈ അവസ്ഥയ്ക്ക് ശാശ്വത പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കണ്ണൂർ, തലശ്ശേരി, മാഹി മുനിസിപ്പാലിറ്റികളിലേയ്ക്കും സമീപ പഞ്ചായത്തുകളിലേയ്ക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ അപര്യാപ്തത പരിഹരിക്കുന്നതിന് വേണ്ടി 178 ലക്ഷം രൂപയുടെ ഒരു ഇടക്കാല വിപുലീകരണ പദ്ധതിയുടെ ഭരണാനുമതി ആയിക്കഴിഞ്ഞു. ഇതിന്റെ പ്രവർത്തികൾ പടിപടിയായി ചെയ്തുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly